മാതൃഭൂമി കാർഷികം

chrome

Download Google Chrome

# തെങ്ങ് പരിചരണത്തിനും ജൈവ മാർഗം






കോഴിക്കോട് ജില്ലയിൽ കാക്കൂരിലെ വെൺകന്നത്ത് വീട്ടിൽ രാജൻ നായർ ഒരുതരി രാസവളം പോലും ഉപയോഗിക്കാതെ ജൈവ രീതിയിലൂടെ തെങ്ങ് കൃഷി നടത്തുന്നു.കാസർകോട്ടുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ അന്താരാഷ്ട്ര നാളികേര സമ്മേളനത്തിൽ പങ്കെടുത്തതിൽ നിന്നാണ് തെങ്ങ് പരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ ബോധവാനായത്. മൂന്ന് മീറ്റർ വീതം നീളവും വീതിയുമുള്ള തെങ്ങിൻതടം തയ്യാറാക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രധാന മാതൃക. ഈ തടത്തിൽ ആവശ്യത്തിന് ജൈവവളം ചേർക്കുകയും പയർ കൃഷി നടത്തുകയും ചെയ്യും. ആവശ്യമുള്ള നൈട്രജൻ വളം ലഭിക്കാനാണ് പയർ കൃഷി. വീട്ടാവശ്യത്തിന് പയറും ലഭിക്കും. സ്വയം തയ്യാറാക്കിയ ഉപകരണത്താൽ ഇടയ്ക്കിടെ കളനീക്കുന്നതിനാൽ ജൈവ സമ്പുഷ്ടമായ മണ്ണ് തെങ്ങിന് ചുറ്റും എപ്പോഴും നിലനിൽക്കുന്നു.

തടത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് ആഴത്തിൽ കിടങ്ങ് തീർത്ത് അഞ്ച് വർഷത്തേക്ക് ജൈവാംശങ്ങൾ സംഭരിക്കുന്നത് മറ്റൊരു പ്രധാന രീതിയാണ്. രണ്ട് മുതൽ അഞ്ച് മീറ്റർ വരെ നീളമുള്ള കിടങ്ങിന് ഒരു മീറ്റർ വീതിയും ആഴവും ഉണ്ടാകും. പത്ത്കിലോഗ്രാം പിണ്ണാക്ക്, ചപ്പുചവറുകള്, വെണ്ണീറ്, ചാണകം എന്നിവയാണ് കിടങ്ങിൽ നിക്ഷേപിക്കുന്നത്. തോട്ടത്തിലെ അടിക്കാട് ഇടയ്ക്കിടെ അരിഞ്ഞെടുത്തിടും. കൂടുതലായി വളം ചേർത്താലും തെങ്ങ് അതിന്റെ ആവശ്യകതയനുസരിച്ചേ വലിച്ചെടുക്കുകയുള്ളൂ എന്ന് രാജൻ പറയുന്നു.

നാട്ടിലെ ഹോട്ടലുകളിൽ നിന്നുള്ള ജൈവ മാലിന്യങ്ങളും കിടങ്ങിൽ നിക്ഷേപിക്കുന്നു. എല്ലാ നാളികേര കർഷകരും ഈ രീതിയിൽ കിടങ്ങ് സ്ഥാപിച്ചാൽ അതത് പ്രദേശത്തെ ജൈവ മാലിന്യനിക്ഷേപത്തിന് മാർഗമാവും. ഈ പണികളത്രയും സ്വയം ചെയ്ത് തീർക്കുന്നതിനാൽ രണ്ട് ഗുണങ്ങളാണ് താൻ അനുഭവിക്കുന്നതെന്ന് രാജൻ നായർ പറയുന്നു. അറുപത്തൊന്നാം വയസ്സിലും പൂർണ ആരോഗ്യവും കൂലികൊടുക്കാത്തതിനാൽ ലാഭനഷ്ടത്തെക്കുറിച്ചുള്ള ആശങ്കയില്ലായ്മയും.

മണ്ണ് സംരക്ഷണംപോലെ തന്നെ മികച്ച ജലസംരക്ഷണത്തിനും മാതൃകയാണ് അദ്ദേഹത്തിന്റെ തോട്ടം. കിടങ്ങുകളിൽ ചകിരി പാകിയിരിക്കുന്നതിനാൽമഴവെള്ളവും നനയ്ക്കുന്ന വെള്ളവും ഒരേപോലെ സംഭരിക്കപ്പെടുന്നു. 22 വർഷം മുമ്പ് ആസൂത്രണം ചെയ്ത ജലസേചന സംവിധാനം ശ്രദ്ധേയമാണ്. കുന്നിൻ മുകളിലെ തോട്ടത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ താഴെയുള്ള വയലിൽ കിണറിനായി സ്ഥലം വാങ്ങി മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് ടാങ്കിൽ സൂക്ഷിക്കുന്നു. ഓരോ തെങ്ങിൻതടത്തിലേക്കും ഒരു ഇഞ്ച് വ്യാസമുള്ള പി.വി.സി. പൈപ്പ് സ്ഥിരമായി സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമുള്ളപ്പോൾ അടപ്പ് മാറ്റി നനച്ചശേഷം അടപ്പ് പുനഃസ്ഥാപിക്കുന്നു.

മണ്ണ് സംരക്ഷണംപോലെ തന്നെ മികച്ച ജലസംരക്ഷണത്തിനും മാതൃകയാണ് അദ്ദേഹത്തിന്റെ തോട്ടം. കിടങ്ങുകളിൽ ചകിരി പാകിയിരിക്കുന്നതിനാൽമഴവെള്ളവും നനയ്ക്കുന്ന വെള്ളവും ഒരേപോലെ സംഭരിക്കപ്പെടുന്നു. 22 വർഷം മുമ്പ് ആസൂത്രണം ചെയ്ത ജലസേചന സംവിധാനം ശ്രദ്ധേയമാണ്. കുന്നിൻ മുകളിലെ തോട്ടത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ താഴെയുള്ള വയലിൽ കിണറിനായി സ്ഥലം വാങ്ങി മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് ടാങ്കിൽ സൂക്ഷിക്കുന്നു. ഓരോ തെങ്ങിൻതടത്തിലേക്കും ഒരു ഇഞ്ച് വ്യാസമുള്ള പി.വി.സി. പൈപ്പ് സ്ഥിരമായി സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമുള്ളപ്പോൾ അടപ്പ് മാറ്റി നനച്ചശേഷം അടപ്പ് പുനഃസ്ഥാപിക്കുന്നു.

കുന്നിൻ മുകളിൽ വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവയും ജൈവരീതിയിൽ വിളയിച്ചെടുക്കുന്നു. മറ്റുള്ളവർക്ക് മികച്ച നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് കോഴിക്കോട് നഗരം ആസ്ഥാനമാക്കി 'ഗ്രീൻ ഗെയിന്' എന്നൊരു സംഘം സ്ഥാപിച്ച് പ്രവർത്തിക്കുന്നു. തെങ്ങ് പരിപാലനത്തെക്കുറിച്ചും ജൈവ രീതിയെക്കുറിച്ചും കർഷകർക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിനും സമയം കണ്ടെത്തുന്നു രാജൻ നായര്. ഫോണ്: 0495 2856357.

animal_husbandry | queries | informa

» അമ്പലപ്പുഴ ഗോശാലയിൽ ഗോക്കൾക്ക് നരകയാതന
» ഇത് ബാബുഗിരീഷിന്റെ കാവൽപട്ടാളം
» മാന്ദ്യത്തിലും തിളങ്ങുന്ന 'പെറ്റ്സ് 'വിപണി
» കുളമ്പു രോഗം; ജാഗ്രത വേണം